REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 17-04-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ലോക്സഭയിൽ, 131 -ാം ഭരണഘടനാ ഭേദഗതി ബിൽ 2026, മണ്ഡല പുനർനിർണയ ബിൽ, കേന്ദ്രഭരണ പ്രദേശ നിയമ ഭേദഗതി ബിൽ എന്നിവയിൽ ചർച്ച തുടരുന്നു.**
- **ഇന്ത്യയിലെ സ്ത്രീശക്തി ശക്തമായ രാഷ്ട്രത്തിന്റെ മുഖമുദ്രയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇസ്രയേലിന്റെയും, ലെബനന്റെയും വെടിനിർത്തൽ പ്രഖ്യാപനത്തെ ഐക്യരാഷ്ട്ര സംഘടനാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് സ്വാഗതം ചെയ്തു.**
- **കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉന്നതതല സംഘം പരിശോധന തുടങ്ങി.**
- **സംസ്ഥാന എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഇന്ന് തുടക്കം.**

## വാർത്തകൾ വിശദമായി

ലോക്സഭയിൽ 131 -ാം ഭരണഘടനാ ഭേദഗതി ബിൽ 2026 മണ്ഡല പുനർനിർണയ ബിൽ, കേന്ദ്രഭരണ പ്രദേശ നിയമ ഭേദഗതി ബിൽ എന്നിവയിൽ ചർച്ച തുടരുന്നു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാണ് മൂന്ന് ബില്ലുകളും ഉദ്ദേശിക്കുന്നത്. ഉച്ചകഴിഞ്ഞ് മൂന്ന് ബില്ലിന്മേലും വോട്ടെടുപ്പ് നടക്കും.

2023 ൽ പാസാക്കിയ വനിതാസംവരണ നിയമം കേന്ദ്രഗവണ്മെന്റ് രാത്രി വിജ്ഞാപനം ചെയ്തത് ഞെട്ടിപ്പിക്കുന്നതാണെന്ന് DMK അംഗം K കനിമൊഴി

ബില്ലിനെ എതിർത്ത്കൊണ്ട് അഭിപ്രായപ്പെട്ടു. വനിതാസംവരണ ബില്ലിനെക്കുറിച്ച് ചർച്ച നടക്കുമ്പോൾ വിജ്ഞാപനത്തിന്റെ ആവശ്യകതയെന്തെന്ന് അവർ ചോദിച്ചു.

വനിതാസംവരണത്തിന് അനുകൂലമായി ഏകകണ്ഠമായ രാഷ്ട്രീയ സമവായം പടിവാതിൽക്കലെത്തി നിൽക്കുകയാണെന്ന് കോൺഗ്രസ് അംഗം ഡോ. ശശി തരൂർ പറഞ്ഞു. മണ്ഡല അതിർത്തി പുനർനിർണയം ആശങ്കയുളവാക്കുന്നതാണെന്നും ശശിതരൂർ അഭിപ്രായപ്പെട്ടു.

15 മുതൽ 18 മണിക്കൂർ വരെ ബിൽ ചർച്ചയ്ക്ക് സ്പീക്കർ ഓം ബിർള സമയം അനുവദിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങൾക്കും ചർച്ചയിൽ പങ്കെടുക്കാൻ അവസരം നൽകുമെന്നും സ്പീക്കർ വ്യക്തമാക്കിയിരുന്നു. ചർച്ചകൾക്ക് ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

✪✪✪

രാജ്യസഭ ഡെപ്യൂട്ടി ചെയർമാനായി ഹരിവംശ് നാരായൺ സിംഗിനെ തിരഞ്ഞെടുത്തു. പ്രമേയം കേന്ദ്രമന്ത്രി ജെ.പി. നദ്ദയാണ് സഭയിൽ അവതരിപ്പിച്ചത്. BJP M P എസ്. ഫാംങ്നോൺ കൊന്യാക് പ്രമേയത്തെ പിന്തുണച്ചു.

✪✪✪

മുൻ രാഷ്ട്രപതി ഡോ.S രാധാകൃഷ്ണന്റെ ചരമവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആദരാഞ്ജലികളർപ്പിച്ചു. ഡോ. S രാധാകൃഷ്ണൻ മികച്ച തത്ത്വചിന്തകനും, രാഷ്ട്രതന്ത്രജ്ഞനും, അധ്യാപകനുമാ യിരുന്നെന്ന് ഉപരാഷ്ട്രപതി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യയിലെ സ്ത്രീശക്തി ശക്തമായ രാഷ്ട്രത്തിന്റെ മുഖമുദ്രയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാജ്യത്തെ അമ്മമാരും, സഹോദരിമാരും, പെൺമക്കളും എല്ലാ മേഖലകളിലും അചഞ്ചല ദൃഢനിശ്ചയം, സമർപ്പണം, സേവനം, ത്യാഗം എന്നിവയാൽ അഭിമാനമുയർത്തുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വനിതാസംവരണത്തെയും, മണ്ഡല പുനർനിർണയത്തെയും കുറിച്ച് ഇന്നലെ ലോക്സഭയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി, സ്ത്രീകളുടെ അവകാശങ്ങൾക്കെതിരെ നിലപാടെടുത്തവർക്ക് തിരഞ്ഞെടുപ്പുകളിൽ പ്രത്യാഘാതം നേരിടേണ്ടിവന്നിട്ടുണ്ടെന്ന് ഓർമ്മിപ്പിച്ചു. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ദിശയും, ദശയും മാറ്റാൻ വനിതാസംവരണ നിയമം സഹായിക്കുമെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

മുൻ പ്രധാനമന്ത്രി S ചന്ദ്രശേഖറിന്റെ 100 -ാം ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു.അസാമാന്യ ധൈര്യ ശാലിയും ജനാധിപത്യ മൂല്യങ്ങളോട് പ്രതിബദ്ധത പുലർത്തിയ മികച്ച പൊതു പ്രവർത്തകനുമായിരുന്നു ചന്ദ്രശേഖറെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് ഒന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യപ്രചാരണത്തിന് നാല് ദിവസം ശേഷിക്കെ പശ്ചിമ ബംഗാളിൽ പോരാട്ടച്ചൂട് കനത്തു. SIR വിഷയം ഉയർത്തി ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസ് ബിജെപിക്കെതിരെ ശക്തമായ പ്രചാരണം നടത്തുമ്പോൾ NDA ആകട്ടെ മമതാ ബാനർജിയ്ക്കെതിരെ ഭരണവിരുദ്ധ വികാരം ഉയർത്താനാണ് ശ്രമിക്കുന്നത്. കഴിഞ്ഞ കാല പ്രതാപത്തെ വീണ്ടെടുക്കാൻ ലക്ഷ്യമിട്ട് ഇടതുമുന്നണിയും സംസ്ഥാനത്ത് പ്രചാരണ രംഗത്ത് സജീവമാണ്.

152 സീറ്റുകളിലേക്ക് ഈ മാസം 23 നാണ് ആദ്യ ഘട്ടത്തിൽ പോളിംഗ്. BJP നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ത ബിശ്വ ശർമ്മ ഇന്നലെ വടക്കൻ ബംഗാളിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തി.

തൃണമൂൽ കോൺഗ്രസ്സ് നേതാവും മുഖ്യമന്ത്രിയുമായ മമതാബാനർജിയും വടക്കൻ ബംഗാളിലെ വിവിധ തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ സംസാരിച്ചു. തൃണമൂലിന്റെ മറ്റൊരു നേതാവ് അഭിഷേക് ബന്ദോപാധ്യായ ബാങ്കുറ ജില്ലയിലെ റോഡ് ഷോയിലും പങ്കെടുത്തു.

✪✪✪

വോട്ടർപട്ടിക രജിസ്ട്രേഷൻ സംബന്ധിച്ച സുപ്രീം കോടതി നിർദേശം പശ്ചിമ ബംഗാളിൽ നടപ്പാക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന് ബംഗാളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ മനോജ് കുമാർ അഗർവാൾ ഉറപ്പു നൽകി. അവസാന നിമിഷം പൗരന്മാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരം നൽകി മുഴുവൻ പ്രക്രിയയും ഓൺലൈനിൽ പൂർത്തീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ അപേക്ഷകളും നടപടി ക്രമങ്ങളും സുഗമമായി കൈകാര്യം ചെയ്യുന്നതിന് ഡിജിറ്റൽ സംവിധാനം നിലവിലുണ്ടെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

ഈ മാസം 23 ന് തെരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടന്നു. രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും

വോട്ടർമാരെ നേരിൽ കാണുന്നതിലും റോഡ് ഷോകളിലും റാലികളിലും പങ്കെടുക്കക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. കേന്ദ്ര സഹമന്ത്രിയും സ്ഥാനാർത്ഥിയുമായ ഡോ. L മുരുഗനു വേണ്ടി അണ്ണാDMK ജനറൽ സെക്രട്ടറി എടപ്പാടി പളനിസാമി കോയമ്പത്തൂരിൽ പ്രചാരണം നടത്തി. ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത ഇന്നലെ അവിനാശി മണ്ഡലത്തിലെ BJP സ്ഥാനാർത്ഥിയുടെ പ്രചാരണത്തിൽ പങ്കെടുത്തു. DMK നേതാവും മുഖ്യമന്ത്രിയുമായ MK സ്റ്റാലിനും ഇന്നലെ വിവിധ സ്ഥലങ്ങളിൽ സംസാരിച്ചു. NTK നേതാവ് നടൻ സീമാൻ നാഗപട്ടണത്ത് പ്രചാരണത്തിനെത്തി.

✪✪✪

തെരഞ്ഞെടുപ്പിൽ മത്സരിക്കാത്തയാളെ മുഖ്യമന്ത്രിയാക്കുന്നത് ആദ്യത്തെ സംഭവമല്ലെന്ന് മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം പറഞ്ഞു. കേരളത്തിൽ മുൻപും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, നിലവിൽ ആരെ മുഖ്യമന്ത്രിയാക്കണമെന്ന ചർച്ച ലീഗ് നടത്തിയിട്ടില്ലെന്ന് അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. UDF വിജയിച്ചാൽ മുഖ്യമന്ത്രി സ്ഥാനം സംബന്ധിച്ച് കോൺഗ്രസ്സ് ഹൈക്കമാന്റിന്റെ അഭിപ്രായത്തിനൊപ്പം ലീഗ് നിൽക്കുമെന്ന് PMA സലാം വ്യക്തമാക്കി. എന്നാൽ ഇക്കാര്യത്തിൽ പരസ്യ പ്രസ്താവന നടത്തുന്ന നേതാക്കൾ ശ്രദ്ധിക്കണമെന്ന് PMA സലാം ആവശ്യപ്പെട്ടു.

✪✪✪

ഇസ്രയേലിന്റെയും, ലെബനന്റെയും വെടിനിർത്തൽ പ്രഖ്യാപനത്തെ ഐക്യരാഷ്ട്ര സംഘടനാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് സ്വാഗതം ചെയ്തു. കരാർ സുഗമമാക്കുന്നതിൽ അമേരിക്ക നടത്തിയ ഇടപെടലിനെ അദ്ദേഹം പ്രശംസിച്ചു. ദീർഘകാല സമാധാന ചർച്ചകൾക്ക് വെടിനിർത്തൽ വഴിയൊരുക്കുമെന്നും മേഖലയിൽ ശാശ്വതവും സമഗ്രവുമായ സമാധാനത്തിന് വെടിനിർത്തൽ സംഭാവന നൽകുമെന്നും ഗുട്ടറസ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. എല്ലാ കക്ഷികളും വെടിനിർത്തൽ പൂർണമായും മാനിക്കണമെന്നും, അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ഒന്നാംവർഷ വിദ്യാർത്ഥി തിരുവനന്തപുരം സ്വദേശി നിതിൻ രാജിന്റെ മരണത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉന്നതതല സംഘം പരിശോധന തുടങ്ങി. ഡോ. TV അനുപം കുമാർ, ഡോ. AV പ്രമോദ് കുമാർ, ഡോ. K.സുജാതാ വർമ എന്നിവരുടെ നേതൃത്വത്തിലെ സംഘമാണ് പരിശോധനയ്ക്ക് എത്തിയത്.

വിദ്യാർഥിയുടെ മരണവുമായി ബന്ധപ്പെട്ട് കോളേജിനകത്തെ സംഭവങ്ങൾ, അധ്യാപകരുടെ പ്രവർത്തനരീതികൾ, അധ്യാപകർക്കെതിരേ ഉയർന്ന പരാതികൾ, വിദ്യാർഥികളുടെ മറ്റ് പരാതികൾ തുടങ്ങിയ വിവരങ്ങൾ സംഘം ശേഖരിച്ചു. ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ സർവകലാശാലയുടെ പരിശോധനയും വരും ദിവസങ്ങളിൽ നടത്തും.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ ഇൻസ്റ്റാ പേ എന്ന ലോൺ ആപ്പിനെതിരെ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. നിതിൻ രാജിനെ ഭയപ്പെടുത്തി പണം തിരിച്ചടക്കാൻ പ്രേരിപ്പിച്ചുവെന്നും മാനസികമായി പീഡിപ്പിച്ചു എന്നും FIRൽ പറയുന്നു. ചക്കരക്കൽ പൊലീസ് സ്വമേധയ ആണ് കേസെടുത്തത്.

✪✪✪

സംസ്ഥാന ഹയർ സെക്കണ്ടറി പരീക്ഷാഫലം മെയ് 25 നു പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. മൂല്യ നിർണ്ണയം വ്യാഴാഴ്ച ആരംഭിച്ചതായും 89 മൂല്യ നിർണ്ണയ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

2026 മാർച്ചിൽ ഗൾഫ് മേഖലയിൽ നടത്തേണ്ടിയിരുന്ന രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷ റദ്ദു ചെയ്ത സാഹചര്യത്തിൽ ഒന്നാം വർഷ തിയറി പരീക്ഷയുടെ മാർക്ക് രണ്ടാം വർഷ തിയറി പരീക്ഷയുടെ മാർക്കായി നൽകി CE, പ്രാക്റ്റിക്കൽ മാർക്കുകൾ ചേർത്ത് ഫലം പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു.

സ്കൂൾ പ്രവേശനോത്സവം ജൂൺ ഒന്ന് തിങ്കളാഴ്ച നടത്തുമെന്ന് മന്ത്രി അറിയിച്ചു. ഒന്നാം ക്ലസ്സിലേക്ക് മെയ് 22 ന് പ്രവേശനം ആരംഭിക്കും. ഒന്നാം ക്ലാസ് പ്രവേശനത്തിന് എഴുത്തുപരീക്ഷ നടത്താനോ തലവരിപ്പണം വാങ്ങാനോ പാടില്ല. ഒന്ന് മുതൽ എട്ടുവരെ ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുമെന്നും ശിവൻകുട്ടി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ എൻജിനീയറിംഗ്, ഫാർമസി കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷ ഇന്ന് ആരംഭിക്കും. ഈ മാസം 22 വരെ നടത്തുന്ന പരീക്ഷയ്ക്ക് കേരളത്തിലും പുറത്തുമായി 152 പരീക്ഷാകേന്ദ്രങ്ങളുണ്ട്. എൻജിനീയറിംഗ് പ്രവേശന പരീക്ഷ ഇന്ന് മുതൽ 22 വരെ ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് അഞ്ച് വരെയാണ്. ഫാർമസി പരീക്ഷ നാളെ മുതൽ ഈ മാസം 20 വരെ രാവിലെ

പത്ത് മുതൽ പതിനൊന്നര വരെയാണ്. പരീക്ഷ തുടങ്ങുന്നതിന് രണ്ട് മണിക്കൂർ മുമ്പ് വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം.

✪✪✪

സംസ്ഥാനത്ത് താപനില ഉയരുന്നതിനാൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശം പുറപ്പെടുവിച്ചു. പകൽ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്ന് വരെ സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും ശുദ്ധജലം കുടിക്കാൻ ശ്രദ്ധിക്കണം. മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കണമെന്നും ജാഗ്രതാ നിർദ്ദേശത്തിൽ പറയുന്നു.

മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ തുടങ്ങിയിടങ്ങളിൽ തീപിടുത്ത സാധ്യത കണക്കിലെടുത്ത് ഫയർ ഓഡിറ്റിംഗ് നടത്തി മുൻകരുതൽ സ്വീകരിക്കണം. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണമെന്നും, കാട്ടുതീ ഉണ്ടാകാൻ സാഹചര്യങ്ങൾ ഒഴിവാക്കണമെന്നും അതോറിറ്റി നിർദേശിച്ചു.

✪✪✪

ഇടുക്കിയുടെ വിനോദസഞ്ചാര ഭൂപടത്തിൽ പൊൻമുടി ശ്രദ്ധേയമാകുന്നു. രാജാക്കാട്, കൊന്നത്തടി പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന പൊൻമുടി അണക്കെട്ടും പരിസരപ്രദേശങ്ങളും വേനലവധിക്കാലത്ത് സഞ്ചാരികളുടെ തിരക്കേറിയ കേന്ദ്രമായി മാറുകയാണ്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.........VOICE .........

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. അഹമ്മദാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കുതിരാനിൽ ബൈക്കപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഗുരുവായൂർ സ്വദേശി മരിച്ചു. ഗുരുവായൂർ പുത്തമ്പല്ലി വിഷാരത്ത് ആദർശാണ്

മരിച്ചത്. ഗുരുവായൂർ ദേവസ്വം കൃഷ്ണനാട്ടം കലാകാരനാണ് ആദർശ്. ഇക്കഴിഞ്ഞ 14 ന് കുതിരാനിൽ ബൈക്ക് നിയന്ത്രണം വിട്ട് ഡിവൈഡറിൽ ഇടിച്ചാണ് അപകടം ഉണ്ടായത്.

✪✪✪

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഭീഷണി ഒഴിവാക്കുന്നതിന് ഓപ്പറേഷൻ ബ്രേക്ക്ത്രൂ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ ജില്ലാ കളക്ടർ G പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ഗവൺമെന്റ് വകുപ്പുകളുടെ ഏകോപനത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ പ്രത്യേക 'ക്ലീനിംഗ് കലണ്ടർ' തയ്യാറാക്കിയിട്ടുണ്ട്. ഈ മാസം ഒന്നിന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ മേയ് 15-ഓടെ പൂർത്തിയാക്കും.

മുല്ലശ്ശേരി കനാലുമായി ബന്ധപ്പെട്ട് പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണത്തിന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചു. കനാലുകളിലേക്ക് മാലിന്യം തള്ളുന്നത് തടയാൻ എട്ടു സ്ഥലങ്ങളിൽ ഒന്നര കോടി രൂപ ചെലവിൽ 'ഫ്ലോട്ടിംഗ് ട്രാഷ് ബൂമുകൾ' സ്ഥാപിക്കാനും യോഗം തീരുമാനിച്ചു.

✪✪✪

സംസ്ഥാന വിവരാവകാശ കമീഷൻ സിറ്റിംഗ് കോഴിക്കോട്ട് ആരംഭിച്ചു. മാനാഞ്ചിറ DTPC കോൺഫറൻസ് ഹാളിലെ ഹിയറിങ്ങിൽ സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണനാണ് പരാതികൾ പരിഗണിക്കുന്നത്.

✪✪✪

കലിക്കറ്റ് സർവകലാശാല ഇന്റർസോൺ കലോത്സവം "കലൈക്കോട്ട" യ്ക്ക് തുടക്കമായി. കോട്ടക്കൽ ഫാറൂഖ് ആർട്സ് ആൻഡ് സയൻസ് കോളേജിലാണ് ഈ മാസം 20വരെ കലോത്സവം. അഞ്ച് ദിവസത്തെ പരിപാടികളിൽ 6000ത്തോളം വിദ്യാർഥികൾ പങ്കെടുക്കും. സ്റ്റേജ് മത്സരങ്ങൾ നാളെ ആരംഭിക്കും.

✪✪✪

കോഴിക്കോട് ബൈപാസ് നിർമ്മാണം നടക്കുന്നതിനിടെ പന്തീരങ്കാവിൽ ടോൾ പിരിവ് ആരംഭിച്ചതിനെതിരായ പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ നാഷണൽ ഹൈവേ പ്രോജക്റ്റ് ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടു.

15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് ജുഡീഷ്യൽ അംഗം K ബൈജുനാഥ് നിർദ്ദേശിച്ചു.

✪✪✪

ഇടുക്കി കഞ്ഞിക്കുഴി ചുരുളിപ്പതാൽ മൈക്കിൾ സിറ്റിയിൽ യുവാവ് കുത്തേറ്റ് മരിച്ചു. കല്ലുമാലിക്കൽ വീട്ടിൽ രാജനാണ് കുത്തേറ്റ് മരിച്ചത്. സംഭവത്തോടനുബന്ധിച്ച് ബന്ധുവും അയൽവാസിയുമായ അനൂപിനെ പൊലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

പഞ്ചാബ് മന്ത്രി സഞ്ജീവ് അറോറയുടെ ഓഫീസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ് നടത്തി. അനധികൃത ഭൂമിയിടപാടും, കള്ളപ്പണവും സംബന്ധിച്ച കേസിലാണ് രാവിലെ കേന്ദ്രസായുധ സേനയുടെ അകമ്പടിയോടെ റെയ്ഡ് ആരംഭിച്ചത്. റെയ്ഡ് BJP യുടെ രാഷ്ട്രീയലക്ഷ്യം പൂർത്തീകരിക്കാനാണെന്ന് ആം ആദ്മി പാർട്ടി ആരോപിച്ചു.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: , മണികണ്ഠൻ*
*News Team: അനിൽ ചന്ദ്രൻ, അനഘ*
*DEO : ഷീബ*